II ഇ.ബി. XV- കേരള നിയമസഭ/IX-1

# പതിനഞ്ചാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 ആഗസ്റ്റ് 8, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*1) കെ-ഡിസ്കിനെ പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുവാൻ നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുന്നതിനുവേണ്ടി മാനവ വിഭവശേഷി മെച്ചപ്പെടുത്തൽ, ഇന്നൊവേഷൻ ടെക്നോളജീസ്, പ്ലാനിംഗ് കോംപീറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സിസ്റ്റം, സോഷ്യൽ എന്റർപ്രൈസസ് ആൻഡ് ഇൻക്ലൂഷൻ, സ്കിൽസ് എംപ്ലോയ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്, മാനേജ്മെന്റ് സർവീസസ് എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രതിഭകളെ കണ്ടെത്തി അണിചേർക്കുന്നുണ്ടെന്നും യംഗ് ഇന്നൊവേറ്റേഴ്സ്

പ്രോഗ്രാം, വൺ ഡിസ്ട്രിക്ട് വൺ ഐഡിയ, വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ എന്നീ പരിപാടികളിലായി 7450 സ്ഥാപനങ്ങളെ ഇന്നൊവേഷൻ ആവാസ വ്യവസ്ഥയിൽ ഏകോപിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള നോളജ് ഇക്കോണമി മിഷനിലൂടെ തൊഴിലന്വേഷകരെയും തൊഴിൽദായകരെയും നൈപുണ്യ പരിശീലന ഏജൻസികളെയും ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനുകീഴിൽ കൊണ്ടുവരാനും 59695 തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. വിദ്യാസമ്പന്നർക്ക് ദ്രുതഗതിയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി കെ-ഡിസ്ക് 'വർക്ക് നിയർ ഹോം' പദ്ധതി ആവിഷ്കരിക്കുകയും ഫ്രീലാൻസ് തൊഴിലവസരങ്ങൾക്കായി ഹാർവാർഡ് സർവ്വകലാശാലയുടെ ഇന്നൊവേഷൻ വകുപ്പിന്റെ സഹായത്തോടെ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയും ഐ.സി.ടി. അക്കാദമി ഓഫ് കേരളയും ചേർന്ന് ഒരു മികവിന്റെ കേന്ദ്രം ഒരുക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് വെഹിക്കിൾ ഇൻഡസ്ട്രിയൽ പാർക്കിൽ ലിഥിയം ബാറ്ററി നിർമ്മാണ സംവിധാനം ആരംഭിക്കാൻ കെ-ഡിസ്കും കെ.എസ്.ഐ.ഡി.സി.-യും മുൻകയ്യെടുക്കുമെന്നും ഓട്ടോറിക്ഷകളിലെ നിലവിലെ യന്ത്രസംവിധാനം മാറ്റി ബാറ്ററിയും മോട്ടോറും ഘടിപ്പിക്കുന്നതിന് റിട്രോഫിറ്റിംഗ് പ്രോജക്ട് നടപ്പാക്കുമെന്നും

ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമെന്നും സി-ഡാക് വികസിപ്പിച്ച ബാറ്ററി മാനേജ്മെന്റ് സിസ്റ്റം ഉൽപ്പാദനക്ഷമമാക്കുമെന്നും എഞ്ചിനീയറിംഗ് കോളേജുകളും ടെസ്റ്റ് റിസർച്ച് പാർക്കും സംയുക്തമായി ഡി.സി. മോട്ടോറുകളും നിയന്ത്രണ സംവിധാനങ്ങളും വികസിപ്പിക്കുന്നതിനുള്ള തീവ്രയജ്ഞം ആരംഭിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും സാമൂഹിക പശ്ചാത്തലത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും കിഫ്ബി പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നാളിതുവരെ 80,998.61 കോടി രൂപയുടെ 1057 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകിയതിൽ 13,389.89 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയും 26,058.48 കോടി രൂപയുടെ 552 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം കിഫ്ബി മുഖേന 15,635.50 കോടി രൂപയുടെ 152 പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തീകരിച്ചാലുടൻ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുമെന്നും വെസ്റ്റ് കോസ്റ്റ് കനാൽ പദ്ധതിയുടെ

ആദ്യഘട്ടം ഡിസംബർ മാസത്തോടെ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2) <u>തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന് നടപടി</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, തെരുവുനായ ശല്യം ഒഴിവാക്കുന്നതിന് കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽനിന്നുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആക്രമണകാരികളായ നായ്ക്കളുള്ള പ്രദേശങ്ങളിൽ ജനങ്ങൾ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ CrPC പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി.) ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023-ലെ എ.ബി.സി. ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാനത്ത് 22 എ.ബി.സി. കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 30 എണ്ണംകൂടി പ്രവർത്തനസജ്ജമാക്കുമെന്നും വ്യക്തമാക്കി. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാംപയിൻ എന്നിവ സംഘടിപ്പിക്കുകയും സ്കൂളുകളിൽ ബോധവത്കരണ ക്യാംപയിൻ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുമ്പോഴുണ്ടാകുന്ന ജനകീയ പ്രതിഷേധം പരിഹരിക്കുന്നതിന് സാമാജികരുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്നും ഡോഗ്‌കാച്ചർമാരുടെ കുറവ് പരിഹരിക്കുന്നതിന് 450 പേർക്ക് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പരിശീലനം നല്കിയിട്ടുണ്ടെന്നും പൊതുയിടങ്ങളിൽ ഭക്ഷണമാലിന്യങ്ങൾ പുറന്തള്ളുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3 (*3) <u>ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസും പ്രതിരോധ മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ടെന്നും പദ്ധതി പ്രദേശത്ത് പാരിസ്ഥിതികാഘാത പഠനം നടന്നുവരികയാണെന്നും പദ്ധതി

നടത്തിപ്പിനായി സിയാൽ മാതൃകയിൽ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽപ്പെട്ട 2570 ഏക്കർ ഭൂമിയേറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും മാസ്റ്റർപ്ലാനനുസരിച്ച് 3500 മീറ്റർ റൺവേ സാധ്യമാകണമെങ്കിൽ ചെറുവള്ളി എസ്റ്റേറ്റിനുപുറമേ 307 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ടെന്നും ഭൂമി വിട്ടുകൊടുക്കുന്നവർക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് പാല സബ്കോടതി മുമ്പാകെ നിലവിലുള്ള കേസ് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4 (*4) <u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, വിലക്കയറ്റം തടയുന്നതിനായി വിപണി ഇടപെടൽ

നടത്തുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനപ്രകാരം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന പിടിച്ചുനിർത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയണമെന്നും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്നും കർശനം നിർദ്ദേശം നല്കിയിട്ടുണ്ട്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് ജില്ലാ/താലൂക്ക് തലങ്ങളിൽ പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതായും പ്രതിമാസം 35 മുതൽ 40 ലക്ഷം കാർഡുടമകൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നതായും വ്യക്തമാക്കി. 285 സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുകയും സഞ്ചരിക്കുന്ന റേഷൻകടകളുടെ സേവനം 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കാർഡുടമകൾക്കും കഴിയുന്നത്ര ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുകയെന്ന സമീപനമാണ് സ്വീകരിച്ചുവരുന്നതെന്നും ഓണക്കാലം ലക്ഷ്യമിട്ട് മൂന്നിരട്ടി ഉൽപ്പന്നങ്ങൾ അധികമായി സംഭരിക്കുമെന്നും നീല, വെള്ള കാർഡുടമകൾക്ക് അഞ്ച് കിലോഗ്രാം അരി സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി

കൂട്ടിച്ചേർത്തു. ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. മാസത്തിൽ ആദ്യ/അവസാന പാദങ്ങളിൽ സപ്ലൈകോയിൽ ചിലയിനം സബ്സിഡി ഉല്പന്നങ്ങൾക്ക് കുറവുണ്ടാകുന്നുണ്ടെന്നും ഇ-പോസ് മെഷീൻ തകരാറിലാകുമ്പോൾ വിതരണ സമയം ദീർഘിപ്പിച്ചുനൽകാറുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.